## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1274 02.05.2017-ൽ മറുപടിക്ക്

### ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ. ബാബു<br>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് പുതിയതായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ വിഷയമേഖല അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണ-നിർവഹണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ഈ സമിതിയിലെ സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. വാർഡ് സഭകളും ഗ്രാമസഭകളും കൂടുതൽ ബഹുജനപങ്കാളിത്തത്തോടെ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇവ പൂർണ്ണമായും പാലിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പുവരുത്തുവാൻ കഴിയും. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക യഥാസമയം ഫലപ്രദമായി ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | നടപ്പുസാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക യഥാസമയം ഫലപ്രദമായി ഉപയോഗിക്കുന്നതിനായി പദ്ധതികളുടെ രൂപീകരണ നടപടികൾ 2017 മെയ് മാസത്തിൽ പൂർത്തീകരിച്ച് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം നേടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**